ഹരിതകേരളം മിഷൻ
കേരള സർക്കാർ

21.03.2022

## പത്രക്കുറിപ്പ്

# ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നീർച്ചാലുകളുടേയും പുഴകളുടേയും വീണ്ടെടുപ്പിനായി ലോക ജലദിനത്തിൽ നാടൊരുമിക്കുന്നു

ലോക ജലദിനത്തിൽ സംസ്ഥാനമൊട്ടാക പുഴ ശുചീകരണത്തിനും നീർച്ചാൽ വീണ്ടെടുപ്പിനുമായി നാടൊരുമിക്കുന്നു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' കാമ്പയിന്റെ മൂന്നാം ഘട്ടത്തോടനുബന്ധിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മാണിക്കൽ പഞ്ചായത്തിലെ വെമ്പായത്ത് കൈരളി ഓഡിറ്റോറിയത്തിൽ വൈകുന്നരം 5 മണിക്ക് ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിക്കും. ഭക്ഷ്യപൊതു വിതരണ മന്ത്രി ജി.ആർ.അനിലിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ഡോ.ടി.എൻ.സീമ കാമ്പയിൻ വിശദീകരണം നടത്തും

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ ചല്ലിപ്പറമ്പ് തുപ്പം കുഴിത്തോട്, ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയിലുൾപ്പെടുത്തി കണ്ണാടിപ്പുഴ, തിരുവനന്തപുരത്ത് ശ്രീകാര്യം വാർഡിൽ തലവരമ്പ് തോട്, വർക്കല കാക്കോട് തോട്, കഠിനംകുളം പഞ്ചാത്തിലെ കാവോട്ട്മുക്ക് തെക്കതിൽ വയലിക്കട തോട്, ഇടുക്കിയിലെ മൂന്നാറിൽ നല്ലതണ്ണി തോട്, കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ പഞ്ചായത്തിലെ ചട്ടിയോൾ തോട്, കോഴിക്കോട് പടന്ന വളപ്പ് തോട്, ചങ്ങരോത്ത് പഞ്ചായത്തിലെ ചെറുപുഴ, തൃശൂർ ജില്ലയിലെ എടത്തിരുത്തി തോട്, എറണാകുളത്തെ നായരമ്പലം തുടങ്ങിയ ഇടങ്ങളിലാണ് ഇനി ഞാനൊഴുകട്ടെ കാമ്പയിന്റ ഭാഗമായി നാളെ പ്രധാനമായും ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിനു പുറമെ നാളെ സംസ്ഥാനമൊട്ടാകെ വ്യത്യസ്തങ്ങളായ നൂറിലധികം കേന്ദ്രങ്ങളിൽ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ പതിനായിരത്തോളം പേർ പങ്കെടുക്കും. നാളെ മുതൽ പരിസ്ഥിതി ദിനമായ ജൂൺ 5 വരെയാണ് മൂന്നാംഘട്ടത്തിൽ സുപ്രധാന സ്ഥലങ്ങളിലെ പുഴകളുടേയും നീർച്ചാലുകളുടേയും പുനരുജ്ജീവന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് നവകേരളം കർമ്മപദ്ധതി സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.ടി.എൻ.സീമ അറിയിച്ചു. പശ്ചിമ ഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ ശുചീകരണവും മൂന്നാം ഘട്ടത്തിൽ നടക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ
9895882812

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1747